## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*362.    24.08.2017 ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പുകയില-മയക്കുമരുന്ന് വിപണനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.ടി.വി.ഇബ്രാഹിം : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പുകയില-മയക്കുമരുന്ന് ഉൽപ്പന്നങ്ങളുടെ വിപണനം വർദ്ധിക്കുന്നതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | (എ) | പ്രത്യേകമായി വിശകലനം ചെയ്തിട്ടില്ല. |
| (ബി) | ഭാവി തലമുറയെ നാശത്തിലേക്ക് നയിക്കുന്ന പ്രസ്തുത വിപത്തിനെ നേരിടാനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ: | (ബി) | ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം വൈവിധ്യവും വിപുലവുമായ ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തി വരുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വില്പന കോട്പ ആക്റ്റ് പ്രകാരം നിരോധിച്ചി ട്ടുണ്ട്. അബ്കാരി ആക്റ്റ്, എൻ.ഡി.പി.എസ് ആക്റ്റ്, എം.&റ്റി.പി ആക്റ്റ് & റൂൾ എന്നിവ പ്രകാരം അനധികൃത മദ്യ ലഹരി വിപണനത്തിനും, കൈവശം വയ്ക്കൽ, കടത്തൽ, ഉൽപ്പാദനത്തിനുമെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. ജുവനൈൽ ജസ്റ്റീസ് (Care and Protection of Children) ആക്റ്റ് 2015 പ്രകാരം പ്രായപൂർത്തിയാകാത്തവർക്ക് മദ്യം, ലഹരിമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവ വിൽപ്പന നടത്തുന്നവർക്കും, പ്രേരണ നൽകുന്നവർക്കും എതിരെ നടപടികൾ എടുക്കുന്നു.<br><br>യുവാക്കളിലും കുട്ടികളിലും മദ്യം, മയ |

ക്കുമരുന്ന്, പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതു തടയുവാൻ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരി വിരുദ്ധ ക്ളബ്ബുകൾ, എസ്.പി.സി, എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യ വർജ്ജന സമിതികൾ, വിദ്യാർത്ഥി- യുവജന- മഹിളാ - സന്നദ്ധ- സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി "ലഹരി വിമുക്ത കേരളം" എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വിദ്യാർത്ഥികളിലും യുവജനങ്ങളിലും പൊതു സമൂഹത്തിലും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ആയതിന്റെ ഭാഗമായി ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ- "വിമുക്തി" എന്ന ബൃഹത്തായ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് സ്കൂൾ/ കോളേജ് തലത്തിൽ 2542ലഹരി വിരുദ്ധ ക്ളബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. 1385 സ്കൂൾ/ കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടി സ്ഥാപിച്ചു കഴിഞ്ഞു.

ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളേയും യുവജനങ്ങളേയും ബോധവത്ക്കരിക്കുന്നതിന് എക്സൈസ് വകുപ്പ് ബോധവത്ക്കരണ ക്ലാസുകൾ, പോസ്റ്റർ രചന മത്സരം, ചിത്രരചന മത്സരം, ഷോർട്ട് ഫിലിം പ്രദർശനം, മാഗസിൻ മത്സരം, ക്വിസ്സ് മത്സരം, പ്രദർശന സ്റ്റാളുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. മികച്ച പ്രകടനം കാഴ്ച വക്കുന്നവർക്ക് അവാർഡുകൾ നൽകുന്നുണ്ട്.

മെഡിക്കൽ സ്റ്റോറുകളിൽ കൂടി വിൽക്കുന്ന ഔഷധങ്ങൾ ലഹരി വസ്തുക്കളായി ഉപയോഗിക്കാതിരിക്കുവാൻ മെഡിക്കൽ സ്റ്റോർ ഉടമകൾക്ക് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ മുഖാന്തിരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | വിദ്യാഭ്യാസസ്ഥാപനാധികൃതർ, എക്സൈസ്, പോലീസ്, രക്ഷാകർത്താക്കൾ, വിദ്യാർത്ഥി പ്രതിനിധികൾ തുടങ്ങിയവരുടെ ഏകോപിത സംവിധാനം കാര്യക്ഷമമാക്കി പ്രസ്തുത വിപത്ത് നേരിടാനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | സ്വീകരിച്ചു വരുന്നുണ്ട്. ജനകീയ സമിതികൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ എന്നിവരെ ഉൾപ്പെടുത്തി ലഹരിക്കെതിരെ എക്സൈസ് വകുപ്പ് ബോധവത്ക്കരണ ക്ലാസുകൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ